**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512** **09-06-2021 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ ആറിന്റെ ഇരു കരകളേയും ബന്ധിപ്പിച്ച് കൊണ്ടുള്ള പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി നിയോജക മണ്ഡലത്തിലെ അരുവാപ്പലം പഞ്ചായത്തിലെ ആവണിപ്പാറ കോളനിയിലേക്ക് പോകുന്നതിന് അച്ചൻകോവിൽ ആറിന്റെ ഇരു കരകളേയും ബന്ധിപ്പിച്ച് കൊണ്ട് പാലം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;എങ്കിൽ വിശദാംശം നൽകുമോ? | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് -19 സ്കീമിൽ ഉൾപ്പെടുത്തി പാലം നിർമ്മാണത്തിന് സർക്കാർ അംഗീകൃത നിർമ്മാണ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടി ലിമിറ്റഡിന് അനുമതി നൽകിയിരുന്നുവെങ്കിലും നിബിഡ വനത്തിനുള്ളിലെ നിർമ്മാണ പ്രവൃത്തി എന്ന നിലയിൽ വനാവകാശ നിയമപ്രകാരമുള്ള Stage I ക്ലിയറൻസിന് പുറമെ വനസംരക്ഷണ നിയമപ്രകാരമുള്ള Stage II ക്ലിയറൻസ് കൂടി ലഭ്യമാകേണ്ടതായി കോന്നി ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ അറിയിച്ചിരുന്നു. ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ ആവശ്യപ്പെട്ട പ്രകാരം യൂസർ ഏജൻസി കംപ്ലയൻസ് റിപ്പോർട്ട് യഥാസമയം സമർപ്പിക്കുകയും Stage II ക്ലിയറൻസിനായി നിശ്ചിത തുക ഒടുക്കുകയും ചെയ്തുവെങ്കിലും ആർ.ഐ.ഡി.എഫ് 19 സ്കീമിന്റെ കാലാവധിയ്ക്കുള്ളിൽ Stage II ക്ലിയറൻസ് ലഭ്യമായിട്ടില്ല. നബാർഡ് ആർ.ഐ.ഡി.എഫ് 19 സ്കീമിന്റെ കാലാവധി 31.03.2019-ന് അവസാനിച്ചിരുന്നു. Stage II ക്ലിയറൻസ് ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുകയാണെങ്കിൽ വകുപ്പിന്റെ മറ്റേതെങ്കിലും സ്കീമിലുൾപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ